**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** **03-02-2026 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ മണ്ഡലത്തിലെ മലയോര പാതയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പെരുമ്പാവൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര പാതയുടെ പ്രവർത്തനം പുരോഗമിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പെരുമ്പാവൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഹിൽ ഹൈവേ ചെട്ടിനട – പാണംകുഴി ജംഗ്ഷൻ - പയ്യാൽ - ചേറങ്കനാൽ റോഡ് പ്രവൃത്തിക്ക് 08/08/2022 തീയതിയിൽ 76.26 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഫ്രീ സറണ്ടർ ആയി ഭൂമി ലഭ്യമാകേണ്ടതുണ്ട്. ഭൂമി ലഭ്യമാക്കുന്നതിന് എം.എൽ.എയും മറ്റ് ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരുമുൾപ്പെടെ വിവിധ യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഭൂമിക്കു വേണ്ടിയുള്ള പരിശ്രമം തുടരുന്നു. |
| (ബി) | വെറ്റിലപ്പാറയിൽ നിന്നും തുടങ്ങി പെരുമ്പാവൂർ മണ്ഡലത്തിലെ ചെട്ടിനാട് ജംഗ്ഷൻ വരെ വനത്തിലൂടെ കടന്നുവരുന്ന റോഡിന് വനാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായ ഇല്ലിത്തോട് മുതൽ ചെട്ടിനട വരെയുള്ള 1.895 കി.മീ ഭാഗമാണ് പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടു വരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് 04.08.2022 ൽ 32.09 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ ആയി ഭൂമി ലഭ്യമാകേണ്ടതുണ്ട്. വനഭൂമിക്ക് പകരമായി കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡ് ലഭ്യമാക്കുന്നതിനായി Parivesh പോർട്ടൽ മുഖേന അപേക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ